സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 245/09/Est-I** നന്തൻകോട്, **04/10/2019**

---

പരാമർശം :- 1) W.P (C) 7802/2016-ാം നമ്പർ ഹർജിയിൽ ബഹു. ഹൈക്കോടതി 10.01.2017-ൽ പുറപ്പെടുവിച്ച വിധിന്യായം.

2) 20.06.2017-ലെ ആർ.ഒ.സി. 11829/15/മിസ്-1 നമ്പർ ബോർഡുത്തരവ്.

3) 27.06.2018-ലെ മേൽ നമ്പർ ബോർഡുത്തരവ്.

4) 04.01.2019, 23.02.2019 തീയതികളിലെ മേൽ നമ്പർ ബോർഡുത്തരവുകൾ.

5) ദേവസ്വം കമ്മീഷണറുടെ 28.02.2019-ലെ ആർ.ഒ.സി. 9648/15/ മിസ്.എ നമ്പർ റിപ്പോർട്ട്.

6) ദേവസ്വം സ്റ്റാന്റിംഗ് കൗൺസിലിന്റെ 21.08.2019-ലെ കത്ത്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം നൽകുന്നത് സംബന്ധിച്ച് പരാമർശം-1 വിധിന്യായത്തെ തുടർന്ന് "**Persons with Disabilities (Equal Opportunities, Protection of Rights) Act 1995**-ലെ ബന്ധപ്പെട്ട വ്യവസ്ഥകൾ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബാധകമാക്കുന്നതിനും, അതനുസരിച്ച് ഭിന്നശേഷിക്കാർക്ക് തൊഴിൽ സംവരണം നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ദേവസ്വം ബോർഡിന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിനും ബോർഡുത്തരവായി (പരാമർശം-2)

ദേവസ്വം ബോർഡിൽ നിലവിലുള്ള ഏതെല്ലാം തസ്തികകളിലാണ് ഭിന്നശേഷിക്കാർക്ക് സംവരണം അനുവദിക്കേണ്ടതെന്നത് സംബന്ധിച്ച് തസ്തികകൾ ഐഡന്റിഫൈ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകി (പരാമർശം 3, 4). തുടർന്ന് തസ്തികകൾ ഐഡന്റിഫൈ ചെയ്ത് ദേവസ്വം കമ്മീഷണർ ശുപാർശ സമർപ്പിച്ചു. (പരാമർശം 5)

ആയത് ബോർഡ് സസൂക്ഷ്മം പരിശോധിച്ചു.

ഇക്കാര്യത്തിൽ ലഭ്യമായ പരാമർശം 6 നിയമോപദേശം കൂടി പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

(മറുപുറം)

I. Rights of Persons with Disabilities Act 2016 (Central Act 49 of 2016) – ന്റെ അടി സ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ചുവടെ വിവരിക്കുന്ന തസ്തികകളിലെ 4% ഒഴിവുകൾ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമ നത്തിനായി (Direct & Low paid promotion) സംവരണം ചെയ്യുന്നതിന് തീരു മാനിച്ച് ഉത്തരവാകുന്നു.

<u>എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം</u>

1) ക്ലാർക്ക്/II^nd^ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ
2) ഓഫീസ് അറ്റൻഡന്റ്/പ്യൂൺ
3) ഓവർസിയർ ഗ്രേഡ്-3

<u>ക്ഷേത്രജീവനക്കാരുടെ തസ്തികകൾ</u>

1) പാർട്ട് ടൈം തളി
2) പാർട്ട് ടൈം കഴകം

II. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്പെഷ്യൽ റൂൾസിൽ (കരട്) മേൽ വിവരിച്ച തസ്തികകളിലെ നിയമന രീതിയിൽ പ്രസ്തുത സംവരണം സംബ ന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

III. Rights of Persons with Disabilities Act 2016, Section 34 പ്രകാരം ഭിന്നശേഷി യിലെ വിവിധ വിഭാഗങ്ങളെ മേൽ വിവരിച്ചവയിൽ ഏതൊക്കെ പോസ്റ്റുകളി ലാണ് നിയമിക്കാനാവുക എന്നത് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ട തുള്ളതിനാൽ ആയത് സംബന്ധിച്ച് വ്യക്തമായ ശുപാർശ അടിയന്തിരത്തിൽ സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ആമുഖ കത്ത് സഹിതം)
4. എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
5. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
6. എല്ലാ ആഫീസ് മേധാവികൾക്കും
7. EDP Section
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്
10. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി